MONDAY

02/02/2026

തിങ്കളാഴ്ച

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS

Editor Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 02/02/2026

1. 2026 ഫെബ്രുവരി 11 മുതൽ 16 വരെ തിരുവനന്തപുരം ആനയറ കാർഷിക മൊത്ത വ്യാപാര വിപണി കോമ്പൗണ്ടിൽ വൈഗ 2026 സംഘടിപ്പിക്കുന്നു. പ്രകൃതികൃഷിയിലൂടെ ഭക്ഷ്യ സുരക്ഷയും പൊതുജന ആരോഗ്യവും, കാർഷിക മൂല്യവർദ്ധനവ്, പ്രോസസ്സിംഗ്, പാക്കേജിംഗ്, ബ്രാൻഡിംഗ്, വിപണന സംവിധാനങ്ങൾ, കാർഷിക യന്ത്രവത്ക്കരണം, അഗ്രി-സ്റ്റാർട്ടപ്പുകൾ, ഡിജിറ്റൽ കാർഷിക സാങ്കേതികവിദ്യകൾ, ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, അഗ്രി-ഫിനാൻസ്, കയറ്റുമതി സാധ്യതകൾ, തുടങ്ങിയ വിഷയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് വൈഗ 2026 സംഘടിപ്പിക്കുന്നത്. അഗ്രി-ഹോർട്ടി ഉത്പന്നങ്ങളുടെ പ്രദർശന സ്റ്റാളുകൾ ഉൾപ്പെടുന്ന വിപുലമായ എക്സിബിഷൻ, കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്ന സെമിനാറുകളും ശില്പശാലകളും, ബിസിനസ് ടു ബിസിനസ് (B2B) മീറ്റുകൾ, DPR ക്ലിനിക്കുകൾ, നിക്ഷേപ സാധ്യതകൾ സംബന്ധിച്ച ചർച്ചകൾ, കർഷക സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്ന പരിപാടികൾ എന്നിവ വൈഗ 2026-ന്റെ ഭാഗമായി

ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എല്ലാദിവസവും വൈകുന്നേരങ്ങളിൽ കലാപരിപാടികളും ഉണ്ടായിരിക്കുന്നതാണ്. കർഷകർക്കും സംരംഭകർക്കും വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്ന, വൈഗ 2026-നെ ഉയർത്തിക്കാട്ടു ന്നതിലൂടെ കേരളത്തെ കാർഷിക മൂല്യശൃംഖല വികസനത്തിന്റെ ദേശീയ-അന്തർദേശീയ കേന്ദ്രമായി സ്ഥാപിക്കുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം.

2. റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്രഓഫീസിലെ ഹിന്ദി വിഭാഗത്തിൽ 'ട്രാൻസ്ലേഷൻ ട്രെയിനി'യെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നതിന് ടെസ്റ്റ്/ഇന്റർവ്യൂ നടത്തുന്നു. അപേക്ഷകർ ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നും ഹിന്ദിയിൽ ബിരുദാനന്തരബിരുദവും ഹിന്ദി ട്രാൻസ്ലേഷനിൽ പി.ജി. ഡിപ്ളോമയും ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2026 ജനുവരി 01ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ വയസ്സ്, വിദ്യാഭ്യാസയോഗ്യത തുടങ്ങിയവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളുടെ അസൽ രേഖകളും സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളുമായി കോട്ടയത്തുള്ള

കേന്ദ്രഓഫീസിലെ ഹിന്ദി വിഭാഗത്തിൽ 2026 ഫെബ്രുവരി 18ന് രാവിലെ 10.30ന് ടെസ്റ്റ്/ഇന്റർവ്യൂവിന് ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് വെബ് സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കുകയോ 9745759444 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവ്വകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ വെച്ച് 10 ദിവസം ദൈർഘ്യമുള്ള ട്രാക്ടറിന്റെ പ്രവർത്തനം, അറ്റകുറ്റപണികൾ, സർവ്വീസിംഗ് എന്നീ വിഷയത്തിലുള്ള ട്രെയിനിങ് കോഴ്സ് ഉടനെ ആരംഭിക്കുന്നു. ഈ ട്രെയിനിങ്ങിൽ പങ്കെടുക്കുവാനായി താല്പര്യമുള്ളവർ **ഫെബ്രുവരി** 3 –ആം തിയ്യതിക്കകം ഈ ഓഫീസിൽ വന്ന് പേര് രജിസ്റ്റർ ചെയ്യുക കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ: 9446370726.

4. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"ലാൻഡ്സ്കേപ്പിംഗ്"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2026 ഫെബ്രുവരി 12 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് https://celkau.in/elearning/reg.php എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. ഫെബ്രുവരി 22 ന് ശേഷം പുതിയ രജിസ്ട്രേഷനുകൾ സ്വീകരിക്കുന്നതല്ല. 22 ദിവസം ദൈർഘ്യമുള്ള കോഴ്സ് പൂർണ്ണമായും മലയാളത്തിലാണ് പരിശീലിപ്പിക്കുന്നത്. പത്തു സെഷനുകളിലായി തയ്യാറാക്കിയ കോഴ്സ് കെ.എ.യു. MOOC പ്ലാറ്റ്ഫോമിലൂടെ പഠിതാവിന്റെ സൗകര്യാർത്ഥം പ്രയോജനപ്പെടുത്താവുന്നതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾക്ക് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ജിസ്റ്റർ ചെയ്തവർക്ക് **ഫെബ്രുവരി 12 മുതൽ** യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം. വിശദ വിവരങ്ങൾക്ക് ഫോൺ നമ്പർ **0487-2438566.**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം